(ഡി) ശ്രീമതി ലക്ഷ്മിയുടെ ഭർത്താവ് പരേതനായ അയ്യപ്പൻ കർത്താ അപേക്ഷ നൽകിയിരുന്നതായി 1998-ലെ റിക്കാർഡുകളിൽ കാണുന്നു. എന്നാൽ സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നേരത്തേ പറഞ്ഞ രേഖകളുടെ അഭാവത്തിൽ നടപടികൾ ഒന്നും എടുത്തതായി കാണുന്നില്ല. സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ ലഭിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ നടപടികൾ സ്വീകരിക്കാനാകൂ.

(ഇ) സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ സ്കീം പ്രകാരം യോഗ്യരായ അപേക്ഷകരെ തെരഞ്ഞെടുത്ത് ചട്ടപ്രകാരം പെൻഷൻ നൽകുന്നത് കേന്ദ്ര സർക്കാരാണ്. അപേക്ഷക പൂർണ്ണ രൂപത്തിലുള്ള അപേക്ഷ ഇതിനായി ജില്ലാ കളക്ടർ മുഖേന സമർപ്പിക്കേണ്ടതാണ്.

ശ്രീ. അച്ചുതൻ നായരുടെ സ്വാതന്ത്ര്യ സമര പെൻഷൻ

43 (4389) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സ്വാതന്ത്ര്യ സമര പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാകാതെ കിടക്കുന്നുണ്ട് എന്നും വെളിപ്പെടുത്തുമോ ;

(ബി) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്ക് കോഴിക്കോടൻ കുന്നത്ത് അച്ചുതൻ നായർ S/o. ഗോവിന്ദൻ നായർ, കണ്ണാടിപ്പൊയിൽ എന്ന ആളിന്റെ അപേക്ഷ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഉണ്ട്.

(സി) ശ്രീ. കോഴിക്കോടൻ കുന്നത്ത് അച്ചുതൻ നായർ ഹാജരാക്കിയ ജയിൽ രേഖയിൽനിന്നും സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായുള്ള ഏത് സമരത്തിൽ പങ്കെടുത്തതിനാണ് അപേക്ഷകന് തടവ് ശിക്ഷ അനുഭവിക്കേണ്ടി വന്നത് എന്ന വിവരം വ്യക്തമല്ലാത്തതിനാൽ പ്രസ്തുത കേസ് സംബന്ധിച്ച വിശദവിവരം കോഴിക്കോട് ജില്ലാ ജയിൽ സൂപ്രണ്ടിൽനിന്നും ലഭ്യമാക്കി അറിയിക്കുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജയിൽ രേഖയുടെ ആധികാരികത സംബന്ധിച്ച വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ജില്ലാ ജയിൽ സൂപ്രണ്ടിനും സർക്കാർ കത്തയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly